# പൂതപ്പാട്ടിന്റെ പൊരുൾ

**ഡോ. കെ.എസ്. പ്രകാശ്**

ഇടശ്ശേരിയുടെ പ്രഥിതകാവ്യമായ പൂതപ്പാട്ട് അനുവാചകരുടെ അഗാധമായ അംഗീകാരം ലഭിച്ച കൃതിയാണ്. നാടോടിവഴക്കങ്ങളും നാടോടി സങ്കൽപ്പനങ്ങളും ഇടശ്ശേരിക്കവിതകളിലെ ഈടുവയ്പായി വിലയിച്ചുചേർന്നിരിക്കുന്നത് പ്രത്യക്ഷതലത്തിൽ നമുക്ക് ബോധ്യപ്പെടും. ഇടശ്ശേരിയുടെ പല കവിതകളും ഗ്രാമീണചൈതന്യത്തിന്റെ പൈതൃകവും നാട്ടുതനിമകളുടെ നിറവുകളും ഉൾക്കൊണ്ടതാണ് എന്ന നിരീക്ഷണം പുതുമയാർന്ന ഒന്നല്ല. എന്നാൽ, പൂതപ്പാട്ട് എന്ന കാവ്യത്തെ അനുവാചകർ പേർത്തും പേർത്തും നെഞ്ചേററിലാളിക്കുവാൻ കാരണം നമ്മുടെ നാട്ടുപഴമയിൽനിന്നും ഒരു മിത്തിനെ കാവ്യാന്തരീക്ഷത്തിലേക്ക് ആവാഹിച്ചതുകൊണ്ട് മാത്രമാണോ? ഇത് തിരിച്ചറിയുന്നതിന് ആ കാവ്യത്തിന്റെ ആന്തരികചൈതന്യം അഴിച്ചു പരിശോധിക്കുക തന്നെ വേണം.

പൂതപ്പാട്ട് എന്ന കൃതിയുടെ ആന്തരിക ചൈതന്യം അധികമാരും തന്നെ ഘടനാപരമായി വിലയിരുത്തിയിട്ടില്ല. ഈ കാര്യം നമ്മുടെ നാട്ടു സങ്കല്പത്തിൽനിന്നും ഉയിർത്തതാണെന്ന നിരീക്ഷണം ഏറെക്കുറെ എല്ലാവരും കണ്ടെത്തിയിട്ടുണ്ട്. മനശ്ശാസ്ത്രപഠനത്തിന്റെ വെളിച്ചത്തിൽ പൂതപ്പാട്ട് എന്ന കൃതി പരിശോധിച്ചുകൊണ്ട്, ‘അമാനുഷ പ്രഭാവങ്ങളോടുകൂടിയ ഇത്തരം മായാജീവികളെപ്പററിയുള്ള നാടോടിക്കഥകൾ എല്ലാ രാജ്യങ്ങളിലുമുണ്ട്. നരവർഗബോധത്തിന്റെ കുടികൊള്ളുന്ന ഒരു ആദിപ്രതീകം (Archetype) ആയിട്ടാണ് ഇതിനെ ചില മനശ്ശാസ്ത്രജ്ഞന്മാർ പരിഗണിച്ചിരിക്കുന്നത് ‘എന്ന് ഡോ. എം. ലീലാവതി അഭിപ്രായപ്പെട്ടിരിക്കുന്നു.

‘പറയന്റെ കുന്നിന്റെയങ്ങേച്ചരിവിലെ
പ്പാറക്കെട്ടിന്നടിയിൽ
കിളിവാതിലിൽക്കൂടിത്തുറുകണ്ണും പായിച്ചു
പകലൊക്കെപ്പാർക്കുന്നുപൂതം’

എന്ന നാല് വരി ഉദ്ധരിച്ചുകൊണ്ട് ‘പാറക്കെട്ടിന്നടിയിലുള്ളഗുഹ’ എന്നതിൽനിന്നും വ്യക്തിമനസ്സിന്റെയും സമൂഹമനസ്സിന്റെയും അബോധഗർത്തം എന്ന ഒരാശയം ഡോ. ലീലാവതി കണ്ടെത്തുന്നുണ്ട്. എന്നാൽ ഇത് കവി അറിഞ്ഞുകൊണ്ട് നടത്തിയ ഒരു സങ്കൽപ്പമാവില്ല എന്ന് വിവക്ഷിക്കുന്നു. പ്രാകൃത കൽപ്പനകൾ അന്തരാത്മാവിന്റെ അഗാധതകളിൽനിന്നു ഉയിർത്തുവന്ന്, ആസ്വാദകമനസ്സിനെ രസിപ്പിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് എം. ലീലാവതി പൂതപ്പാട്ട് എന്ന കവിതയുടെ രസാസ്വാദ്യതയെക്കുറിച്ചുള്ള മനഃശാസ്ത്രപരമായ അന്വേഷണം അവസാനിപ്പിക്കുന്നു. യഥാർഥത്തിൽ ഈ മനഃശാസ്ത്രനിരീക്ഷണം പൂതപ്പാട്ട് എന്ന കവിതയെ സംബന്ധിച്ചിടത്തോളം അസാധുവല്ലെങ്കിലും പൂർണമാണ് എന്ന് പറയുക വയ്യ. പ്രാകൃത കൽപ്പനകളിൽനിന്നും ഉയിർത്തുവന്ന ഒരു മിത്തിനെ ഉപജീവിച്ചതുകൊണ്ട് മാത്രമല്ല പൂതപ്പാട്ട് എന്ന കവിത നമ്മുടെ പുനർവായനകളെ പ്രചോദിപ്പിക്കുന്നത്.

മിത്തുകൾ സമൂഹമനസ്സിന്റെ സൃഷ്ടിയും സങ്കൽപ്പവുമാണ്. മിത്തുകളുടെ ധർമമാകട്ടെ, പ്രത്യക്ഷത്തിൽ സുതാര്യമായ ഒന്നാകണമെന്നില്ല. മിത്തുകളുടെ സാമൂഹികധർമവും ഉപയോഗ്യതയും അതിന്റെ അർഥാന്തരങ്ങളും ഫ്രോയിഡ് മുതൽക്കുള്ള മനഃശാസ്ത്രപണ്ഡിതന്മാർ പ്രാധാന്യത്തോടെ വിശദീകരിച്ചിട്ടുണ്ട്. മനസ്സിലെ മർദിതവികാരങ്ങളുടെ കുതറിച്ചാടലും ബന്ധവിമുക്തിയും മിത്തുകളുടെ സങ്കല്പനങ്ങളിൽ വായിച്ചെടുക്കാൻ കഴിയും.

സാഹിത്യകൃതികളിലെ മിത്തുക്കളുടെ കണ്ടെത്തലും വ്യാഖ്യാനവും നാടോടി വിജ്ഞാനീയത്തിലെ സവിശേഷമായ പഠനരീതിയായി പ്രശസ്ത നാടോടി വിജ്ഞാനീയകാരനായ അലൻ ഡൻഡസ്നിരീക്ഷിക്കുന്നു. ഷേക്സ്പിയറിന്റെ കിംഗ്ലിയർ എന്ന നാടകത്തിന്റെ മൂലരൂപം നാടോടിക്കഥയാണെന്നും അതാകട്ടെ, നാടോടിക്കഥയിലെ അവിശുദ്ധബന്ധത്തെ വ്യത്യസ്തമായി അവതരിപ്പിച്ച് പുതുകഥാഘടന സൃഷ്ടിച്ചതാണെന്നും ഡൻഡസ് വിശദീകരിച്ചിട്ടുണ്ട്.

നാട്ടുസങ്കൽപ്പനങ്ങളിൽനിന്നും ഒരു കഥയെ പ്രമേയമാക്കിയ പൂതപ്പാട്ട് എന്ന കാവ്യത്തിന് പ്രത്യക്ഷത്തിൽ രണ്ട് തലങ്ങളാണുള്ളത്. ഒന്ന് കവിതയുടെ ആഖ്യാനതലം. ഇനിയൊന്ന് കവിതയിൽ അന്തർലീനമായിരിക്കുന്ന അനുഭവതലം. ആഖ്യാനതലത്തിൽ ഉണ്ണിയും ആഖ്യാതാവുമാണുള്ളത്. സന്ധ്യാനാമത്തിന് ശേഷം ഊണ് കഴിക്കുന്നതിനുമുൻപ് സമയം പോക്കാനായി ഉണ്ണിക്ക് പറഞ്ഞുകൊടുക്കുന്ന പൂതത്തിന്റെ കഥയാണ് പ്രത്യക്ഷത്തിലുള്ള ആഖ്യാനതലം. യഥാർഥത്തിൽ ഇത് പൂതത്തിന്റെ കഥ മാത്രമല്ല. അമ്മയുടെയും പൂതത്തിന്റെയും ഉണ്ണിയുടെയും കഥയാണ്. പ്രത്യക്ഷത്തി

ലുള്ള ആഖ്യാനതലത്തിലും ഒരമ്മയും ഉണ്ണിയും ഉണ്ട്. ആന്തരികതലത്തിൽ അമ്മയുടെ നിഷ്കാമമായ സ്നേഹത്തിന് മുന്നിൽ തോററുമടങ്ങുന്ന പൂതവും വിജയലാളിതയാകുന്ന അമ്മയും ഇരുരൂപങ്ങളായി നിലകൊള്ളുന്നത് നാം കാണുന്നു. മാതൃസ്നേഹത്തിന്റെ വിശുദ്ധമായ വിജയഗാഥയായി ഹൃദയസ്പർശിത്വമാളുന്നതോടെ കാവ്യംഅവസാനിക്കുകയും ചെയ്യുന്നു.

പത്ത് ഖണ്ഡങ്ങളിലായി വികസിച്ചുനിൽക്കുന്ന ഈ ആഖ്യാനാത്മക കവിതയുടെ ആദ്യഭാഗത്ത് ആടിത്തുള്ളിയെത്തുന്ന പൂതത്തിന്റെ അവതരണമാണുള്ളത്. ആദ്യം ശ്രാവ്യാനുഭവമായും പിന്നീട് ദൃശ്യാനുഭവമായും സംവേദനതലത്തിലേക്ക് സംക്രമിക്കുന്നു. കൊയ്ത്തുകാലം കഴിഞ്ഞൊരു നാളിൽ ഉണ്ണികൾക്ക് കൗതുകമേകാനും വീട്ടിന് മംഗളമേകാനും തുള്ളിമറിഞ്ഞുവരുന്നു പൂതം. തുടികൊട്ട്, കുഴൽവിളി, ഓട്ടുചിലമ്പുകളുടെ കലമ്പലുകൾ എന്നിങ്ങനെ അടുത്തെത്തുന്ന നാദവീചികളിലൂടെ നാടകീയമായാണ് പൂതം അവതരിപ്പിക്കപ്പെടുന്നത്. മെയ്യിൽ അമ്പിളിപ്പൂങ്കല, കാതിൽ പിച്ചളത്തോട, കഴുത്തിൽ കിലുങ്ങുന്ന പണ്ടങ്ങൾ, തലയിൽ ചായക്കിരീടം, കുത്തുമുലകളിൽ പൂമാല്യം, മുട്ടോളം നീണ്ടുകിടക്കുന്ന വാർകുഴൽ, അരമണികെട്ടിയ പാവാട എന്നീ വേഷഭൂഷാദികളോടെ ചവിട്ടിയെത്തുന്ന മണിപ്പൂതം നാടൻ ഭാവനയുടെ അഭിരാമമായ ഒരു കലാസാക്ഷാൽക്കാരമാണ് പിന്നീടുള്ള ഖണ്ഡങ്ങളിലായി പൂതത്തിന്റെ ഭൂതവും വർത്തമാനവുമാണ് കഥിക്കപ്പെടുന്നത്.

പറയന്റെ കുന്നിന്റെ അങ്ങേ ചരിവിലെ പാറക്കെട്ടിന്നടിയിലാണ് പൂതം പാർക്കുന്നത്. ഇത് സൂചിപ്പിക്കുന്നത് പൂതം നീചദേവതാ സങ്കൽപ്പങ്ങളിലൊന്നാണെന്നാണ്. നമ്മുടെ ദേവതാസങ്കൽപ്പങ്ങളിൽ നീചവും വരേണ്യവുമായ രൂപങ്ങളുണ്ട്. പ്രാകൃതവും കുലീനവുമായ രൂപങ്ങളുണ്ട്. അധഃസ്ഥിത ജനതയുടെ ദൈവസങ്കൽപ്പങ്ങൾ പ്രാകൃതവും പൈശാചികവുമാണ് എന്ന് കാണാം. അവർക്ക് ക്ഷേത്രസ്ഥാനങ്ങളില്ല. മരങ്ങളിലും ഗുഹകളിലുമാണ് അവർ കുടിപാർക്കുന്നത്. പറയന്റെ കുന്നിലെ പാറക്കെട്ടിന്നടിയിൽ പാർക്കുന്ന പൂതം ദ്രാവിഡസങ്കൽപ്പനങ്ങളിലെ ദേവതാരൂപമാണ്. പകലൊക്കെ പാറക്കെട്ടിന്നടിയിൽ തുറുകണ്ണും പായിച്ച് പാർക്കുന്ന പൂതം ചില നട്ടുച്ചനേരങ്ങളിൽ പുറത്തിറങ്ങി ഒററയ്ക്ക് മേയുന്ന പൈക്കളുടെ പാലുകുടിക്കും.

അന്തിനേരത്ത് ആൾക്കാരെ വഴിതെററിച്ച് കുഴക്കും. നേരവും നിലയും വിട്ട് അതുവഴി പോകുന്ന ചെറുപ്പക്കാരെ വിലാസവതിയായി വശീകരിച്ചുകൊണ്ടുപോയി കരിമ്പനമുകളിൽ കയററി രക്തമൂററിക്കുടിക്കും. അവരുടെ മുടിയുമെല്ലുമെല്ലാം പിറേറന്ന് കുന്നിന്റെ മറേറച്ചരിവിൽ ചിന്നിക്കിടക്കുന്നുണ്ടാകും. ഇതെല്ലാം പൂതത്തിന്റെ പഴയ കഥയാണത്രെ! ഇപ്പോഴാണ് പൂതം ആൾക്കാരെ രസിപ്പിക്കാനായി ആടിത്തുള്ളിവരുന്നത്. ആ പഴയ കഥയുടെ പുനരാഖ്യാനമെന്ന നിലയ്ക്കാണ് കവിതയിലെ നങ്ങേലിയുടെയും ഉണ്ണിയുടെയും കഥ.

ആററിന്റെ വക്കത്തുള്ള മാളികവീട് ആററുനോററുണ്ടായ ഉണ്ണി അതുകൊണ്ടുതന്നെ ഉണ്ണിയെ ഏറെ ലാളിച്ചുവളർത്തി. ഏഴുതികഞ്ഞപ്പോൾ പള്ളിക്കൂടത്തിൽ പഠിത്താൻ അയയ്ക്കുകയാണ്. വൃത്തിയായി അണിഞ്ഞൊരുങ്ങി ഓലയും എഴുത്താണിയുമായി നടന്നു പോകുന്ന ഉണ്ണിയെ പടിപ്പുരനിന്ന് കാഴ്ച മറയുന്നതുവരെ നങ്ങേലി കാണുന്നുണ്ട്. കാഴ്ചകൾ കണ്ട് സന്തോഷത്തോടെ നടന്നുവരുന്ന ഉണ്ണിയെ പൂതം അകലെനിന്നേ കണ്ടു. ഉണ്ണിയെ കണ്ട് പൂതത്തിന് കോരിത്തരിച്ചു. അവൾ ഒരു പെൺകിടാവായി മാറി പൂത്തമരത്തിന് ചുവട്ടിൽനിന്നു. ഉണ്ണിയെ നല്ല വാക്കുകളോതി വശീകരിച്ച് പൂതം കൊണ്ടുപോയി. വൈകുന്നേരമായിട്ടും തിരികെയെത്താത്ത ഉണ്ണിയെ തിരക്കി നങ്ങേലി നടന്നു. ഒടുവിൽ പൂതത്തിന്നരികിൽ ആ അമ്മ എത്തിച്ചേരുന്നു.

നങ്ങേലിയെ പേടിപ്പിച്ചോടിക്കാൻ പൂതം പല വിദ്യകളും പ്രയോഗിച്ചു. ചുഴലിയായും കാട്ടുതീയായും നരിയായും പുലിയായും പൂതം അമ്മയെ പേടിപ്പിച്ചുനോക്കി. എന്റെ കുഞ്ഞിനെ തരിക എന്ന് വിലപിച്ചുനിന്നു അമ്മ. അമ്മയ്ക്ക് പൊന്നും മണികളും കിഴികെട്ടി കൊടുക്കാം എന്ന് പൂതം പറഞ്ഞുനോക്കി. അമ്മയാകട്ടെ, സ്വന്തം കണ്ണുകൾ തന്നെ ചൂഴ്ന്നെടുത്ത് പൂതത്തിന് നൽകിക്കൊണ്ട് ഇതിലും വലുതാണെന്റെ പൊന്നോമന എന്ന് പറഞ്ഞു. അന്ധയായിത്തീർന്ന അമ്മയ്ക്ക് പൂതം തെച്ചിക്കോലുകൊണ്ട് മറെറാരു ഉണ്ണിയെ നിർമിച്ചു നൽകി. അത് തന്റെ ഉണ്ണിയല്ല എന്ന് തിരിച്ചറിഞ്ഞ അമ്മ, പെററ വയറിനെ വഞ്ചിക്കാൻ ശ്രമിക്കുന്ന പൂതത്തിനെ ശപിക്കാൻ ഒരുമ്പെടുന്നു. പൂതം ഞെട്ടിവിറച്ച് ഉണ്ണിയെ അമ്മയ്ക്കു തന്നെ തിരിച്ചുനൽകി. തിരിച്ചുപോകാൻ തുടങ്ങിയ അമ്മ, എല്ലാകൊല്ലവും കൊയ്ത്തുകഴിയുമ്പോൾ ഉണ്ണിയെകാണാൻ എത്തണമെന്ന് പൂതത്തിനെ ക്ഷണിച്ചു. ഉണ്ണിയുടെ വീടേത് എന്ന് നങ്ങേലി പറഞ്ഞതുമില്ല. പൂതം ചോദിച്ചതുമില്ല. അതുകൊണ്ട്, ഉണ്ണിയുടെ വീടേത് എന്ന് ചോദിച്ച് ആടിത്തുള്ളി പൂതം എല്ലാ കൊയ്ത്തുകാലത്തും വന്നുപോകുന്നു.

വാത്സല്യം നിറഞ്ഞുതുളുമ്പുന്ന ഒരമ്മയുടെയും ഉണ്ണിയെ അപഹരിക്കുന്ന ഒരു പൊട്ടപൂതത്തിന്റെയും കഥ മാത്രമല്ല ഇത് എന്ന് കവിതയിലെ ആന്തരിക വിവക്ഷകൾ സാക്ഷ്യമേകുന്നു. ലളിതയായും പൂതനയായും ഭാവം മാറാൻ കഴിയുന്ന മാതൃരൂപത്തിന്റെ ദ്വന്ദ്വാത്മകതയാണ് കവിതയുടെ ആന്തരികസൗന്ദര്യം. അമ്മയ്ക്ക് തന്റെ ഉണ്ണിയോട് തോന്നുന്ന അമിതമായ സ്നേഹവാത്സല്യങ്ങളും കാ

മമോഹിതമായ രത്യാത്മക ഭാവനകളും ഇടഞ്ഞ് മാതൃഭാവത്തിന് ഉൺമയേററുന്ന ചിത്രമാണ് ഈ നാടോടി സങ്കല്പത്തിന്റെ അടിസ്ഥാനശില.

നാടൻ സങ്കൽപ്പങ്ങളുടെയും മിത്തുകളുടെയും പൊരുൾ ഉപരിതലത്തിൽ ദർശിക്കാവുന്ന സുതാര്യമായ സത്യം മാത്രല്ല. പൂതം ഭൂതവുമാണ്. അത് ഒരു ആദിപ്രരൂപമാണ്. മറെറാരു മാതൃസങ്കൽപ്പവും രൂപവുമാണ്. പ്രാകൃതമായ ഒരു സങ്കൽപ്പത്തെ സ്വീകരിക്കുക വഴി മനസ്സിലെ പ്രാകൃതബോധങ്ങളുടെ അന്യാപദേശത്തിന് യുക്തിസഹമായ മാനവും കൈവരുന്നു. യഥാർഥമാതൃരൂപവും ഉപബോധമനസ്സിലെ മറെറാരു മാതൃഭാവവും തമ്മിലുള്ള ഇടർച്ചയാണ് കവിതയുടെ ആന്തരികതലത്തിലുള്ള സത്യം. പൂതം പെററവയറിനെ വഞ്ചിക്കുന്ന പൊട്ടപ്പൂതമാണ് എന്ന് കവി സൂചിപ്പിച്ചിട്ടുണ്ട്.

പൂതപ്പാട്ടിലെ കഥയിൽ പുരുഷകഥാപാത്രമില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട വസ്തുതയാണ്. രണ്ട് മാതൃരൂപങ്ങളാണ് കവിതയിൽ ഉള്ളത്. ഒന്ന്, ഉണ്ണിയുടെ അമ്മയായ നങ്ങേലി. രണ്ട്, പുരുഷന്മാരെ ആകർഷിച്ച് ജീവരക്തമൂററിക്കുടിക്കുന്ന പൂതം. നങ്ങേലിക്ക് ആററുനോററു ലഭിച്ച കുട്ടിയാണ് ഉണ്ണി. അതുകൊണ്ട് ഏറെ ലാളിച്ചാണ് നങ്ങേലി ഉണ്ണിയെ വളർത്തുന്നത്. താഴെവെച്ചാൽ ഉറുമ്പരിക്കും, തലയിൽ വെച്ചാൽ പേനരിക്കും എന്ന് ഉത്കണ്ഠപ്പെട്ടാണ് നങ്ങേലി കുട്ടിയെ വളർത്തുന്നത്. ഏഴ് വയസ്സ് തികയുമ്പോൾ ഉണ്ണിയെ എഴുത്തിനിരുത്തുന്നു. പള്ളിക്കൂടത്തിൽപോയി പഠിക്കാൻ തുടങ്ങുന്ന ഉണ്ണിയെ അണിയിച്ചൊരുക്കി നങ്ങേലി യാത്രയാക്കുന്നു. പടിപ്പുര നിന്ന് കണ്ണിൽനിന്ന് മായുംവരെ അവൾ ഉണ്ണിയെ കണ്ടുനിൽക്കുന്നുണ്ട്. നങ്ങേലിയുടെ എല്ലാമാണ് ഉണ്ണി. തിരിച്ചെത്തേണ്ട സമയം കഴിഞ്ഞിട്ടും ഉണ്ണിയെ കാണാതാവുമ്പോൾ അന്വേഷിച്ചിറങ്ങുന്നതും നങ്ങേലിയാണ്. ഇവിടെയെങ്ങും ഒരു പുരുഷകഥാപാത്രത്തിന്റെ സാന്നിധ്യമില്ല. നങ്ങേലിയുടെ കടുത്ത ഏകാകിതയെയാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. ഏകയായി കഴിയുന്ന നങ്ങേലിക്ക് തന്റെ പുത്രനോട് തോന്നുന്ന അഭിനിവേശവും രത്യാത്മഭാവനകളുമാണ് പൂതമായി ഉരുവംകൊള്ളുന്നത്. കഥയിലെ പൂതം ആളുകളെ പേടിപ്പിച്ച് ഉപദ്രവിക്കുന്ന കിരാതയാണെന്ന് പറഞ്ഞുകൂടാ. നാട്ടുപഴമകളിലെ ദുഷ്ടയായ പൂതമല്ല ഇവിടെയുള്ളത്. ഈ പൂതത്തിൽ മറെറാരു പ്രതിരൂപംകൂടി ചേർന്നിരിക്കുന്നു. അഥവാ ഈ പൂതം വെറും പൂതമല്ല; യക്ഷിയാണ് എന്ന് വസ്തുതയാണ് കൂടുതൽ ശരി. നട്ടുച്ചകളിൽ പുറത്തിറങ്ങി പൈക്കളുടെ പാല് കുടിക്കുമെങ്കിൽ പോലും ചെറുപ്പക്കാരെയാണ് അവൾക്കാവശ്യം. സംബന്ധത്തിന് തിരക്കിട്ട് പോകുന്നവരെ വഴിതെററിച്ച് കുഴക്കി അവരോട് താംബൂലം വാങ്ങും. താംബൂലം വാങ്ങുന്നത് ഒരു പഴയ കേളീകൽപ്പനയും വാത്സ്യായനകലയുമാണ്. വഴി വക്കിൽ മുറുക്കാനിത്തിരി ചുണ്ണാമ്പു ചോദിച്ചു നിൽക്കുന്ന സുന്ദരികൾ അശ്ലീലമായ സൂചനകളാണ് നൽകുന്നത്. സന്ധ്യാനേരത്ത് പൂപ്പുഞ്ചിരിയുമായി തലമുടി വേർപെടുത്തി വഴിവക്കിൽ വിലാസവതിയായി നിന്ന് ചാരുതയോടെ ചെറുപ്പക്കാരെ ആകർഷിച്ചുകൊണ്ടുപോയി രക്തം ഊററിക്കുടിക്കുന്ന യക്ഷി സാമാന്യയല്ല. നേരവും നിലയും വിട്ടുപോകുന്ന തരുണന്മാരെയാണ് അവൾക്കാവശ്യം. അവരുടെ ജീവരക്തവുമാണ് അവൾക്ക് വേണ്ടത്. ഇവിടെയെല്ലാം ലൈംഗികസൂചനകളും അർഥതലങ്ങളുമാണുള്ളത്. നാട്ടിൻപുറങ്ങളിൽ അഭിസാരികമാരെ യക്ഷി എന്ന് വിവക്ഷിക്കാറുള്ളത് ഇവിടെ ഓർക്കാവുന്നതാണ്. പൂതത്തിന്റെ വ്യക്തിത്വത്തിൽ ഈ യക്ഷിസങ്കൽപ്പമാണ് പ്രസക്തമായി കൊടിയേറിനിൽക്കുന്നത്. ഈ കഥയിൽ അന്തർലീനമായിരിക്കുന്ന ലൈംഗികാർഥങ്ങളെയാണ് അത് വിപുലീകരിക്കുന്നത്.

ഉണ്ണിയെ കണ്ടപ്പോൾ പൂതത്തിന് തോന്നിയ വികാരങ്ങളും ഭാവമാററങ്ങളും ശ്രദ്ധിക്കുക: പള്ളിക്കൂടത്തിൽ പോകാൻ വരുന്ന ഉണ്ണിയെ കണ്ടപ്പോൾ പൂതത്തിന്റെ ഉള്ളിൽ ഇക്കിളിയുണ്ടായി.

‘പൂതത്തിനുള്ളിലൊരിക്കിളിതോന്നി
പൂതത്തിന്മാറത്തു കോരിത്തരിച്ചു
പൂതമൊരോമനപ്പെൺകിടാവായി
പൂത്തമരത്തിന്റെ ചോട്ടിലും നിന്നു’

ഉള്ളിൽ ഇക്കിളിയും മാറത്ത് കോരിത്തരിപ്പും ഉണ്ടായത് വാത്സല്യംകൊണ്ടായിരുന്നില്ല. മാത്രവുമല്ല പൂതം ഒരോമന പെൺകിടാവായി രൂപം മാറി പൂത്ത മരത്തിന്റെ ചോട്ടിൽനിന്നു. സന്ധ്യാനേരത്ത് ചെറുവാല്യക്കാരെ ആകർഷിക്കാൻ അനുരാഗണിയായി പൂപ്പുഞ്ചിരിയോടെ വഴിവക്കിൽ തലമുടിയും കോതിനിൽക്കുന്ന സുന്ദരിയുടെ ചിത്രവും ഉണ്ണിയെക്കണ്ടപ്പോൾ രൂപം മാറി പൂത്തമരത്തിന്റെ ചോട്ടിൽ നിൽക്കുന്ന പെൺകിടാവിന്റെ ചിത്രവും തമ്മിൽ വ്യത്യാസമില്ല. മാത്രവുമല്ല അവൾ ഉണ്ണിയോട് കൊഞ്ചുകയാണ്. ശൃംഗരിക്കുകയാണ് എന്ന് അർഥം.

അവൾ കാണുന്ന ഉണ്ണിയുടെ രൂപം രത്യാത്മകവുമാണ്.

‘ആററിലൊലിച്ചെത്തുമാമ്പലപ്പൂപോലെ
യാടിക്കുഴഞ്ഞെത്തുമമ്പിളിക്കലപോലെ
പൊന്നുംകുടംപോലെ പൂവമ്പഴംപോലെ
പോന്നുവരുന്നോനെ കണ്ടൂപൂതം’

ചലനാത്മമായ ചിത്രമാണിത്. ഹൃദയത്തെ മഥിക്കുന്ന ചിത്രം. പൂവമ്പഴം എന്ന സങ്കൽപ്പം ലൈംഗികാർഥസൂചകമാണ്. ഓലയെഴുത്താണി കളഞ്ഞ് എത്തിയാൽ പൂന്തണലിലിരുന്ന് ചെറുമുല്ലപ്പൂമുനകൊണ്ട് മാന്തളിരിൽ എഴുതാം എന്നാണ് അവൾ പറയുന്നത്. കാമദേവന്റെ മാരശരങ്ങളിലൊന്നാണ് മുല്ലപ്പൂ എന്നാണ് ഐതിഹ്യം. താമരത്തളിരിലാണ് ശകുന്തള പ്രണയലേഖനമെഴുതുനവത്. പൂന്തണലിലിരുന്ന് മാന്തളിരിൽ മുല്ലപ്പൂവുകൊണ്ട് എഴുതുന്ന അക്ഷരങ്ങൾ കാമനിർഭരംതന്നെയാണ്. ഉണ്ണിയെ അന്വേഷിച്ച് നങ്ങേലിയെത്തുമ്പോൾ പൂത്തമരത്തിനു ചുവട്ടിലിരുന്ന് അവർ പൂമാലകോർത്തു രസിക്കുകയാണ്. ഇതെല്ലാം വ്യക്തമായ ലൈംഗികകൽപ്പനകളായിത്തീരുകയാണ്.

രത്യാത്മകഭാവനകളുടെ നെറുകയിൽവെച്ച് നിർമലത്വമാർന്ന മാതൃഭാഷ എതിരിടുന്നു. കുന്നിൽ വെച്ചാണ് പൂതവും നങ്ങേലിയും പരസ്പരം കാണുന്നത്. പറയന്റെ കുന്നിൽ പൂതത്തിന്റെ ആവാസഭൂമിയിലേക്ക് നങ്ങേലി എത്തുകയാണ്. സിംഹത്തെ അതിന്റെ ഗുഹയിൽചെന്ന് എതിരിടുന്നതു പോലെ വിശുദ്ധമായ മാതൃഭാവം കാമ മോഹിതയായ മാതൃഭാവവുമായി മുഖാമുഖം കണ്ടെത്തുന്നു. ഈ രണ്ടു മാതൃഭാവങ്ങളുടെയും സംഘർഷത്തിനിടയിൽ ആന്ധ്യം സ്വയം വരിക്കാനും നങ്ങേലി തയാറാകുന്നു. പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും പരിഹാരമെന്ന നിലയ്ക്ക് ഈ ആന്ധ്യത്തെ വിലയിരുത്താനാകും. ഉണ്ണിയെ അപഹരിക്കുകയും പ്രാപിക്കുകയും ചെയ്ത പൂതം സമ്മാനിക്കുന്ന പൊന്നിനും മണികൾക്കും പകരമെന്നനിലയ്ക്കാണ് നങ്ങേലി സ്വന്തം കണ്ണുകൾ ചൂഴ്ന്നെടുത്തു നൽകുന്നത്. കണ്ണുകൾ നഷ്ടപ്പെടുത്തുന്നത് ഈഡിപ്പസിന്റെ കഥയിലും കാണാൻ കഴിയുന്ന ചിത്രമാണ്. അമ്മയെ പ്രാപിച്ച തെററ് തിരിച്ചറിഞ്ഞ ഈഡിപ്പസ് സ്വയം ആന്ധ്യം സ്വീകരിക്കുകയാണ്. തന്റെ മകനെ പ്രാപിച്ച പൂതത്തിനാണ് മാതാവ് തന്റെ കണ്ണുകൾ ചൂഴ്ന്ന് നൽകി അവനെ തിരികെ ആവശ്യപ്പെടുന്നത്. ഇത് തിരിച്ചറിവിന്റെ ഖേദപ്രകടമാണ്. പൂതത്തിന്റെ കൈയിൽനിന്നും സ്വന്തം മകനെ തിരിച്ചുവാങ്ങി ഉലയിൽ ഊതിക്കാച്ചിയ തങ്കംപോലെ മാതൃഭാവം വിജയിക്കുകയും ചെയ്യുന്നു.

ഏകാകിയായ ഒരമ്മയുടെ മനസ്സിൽ ഏകാന്തത്തിൽ അവന്റെ അസാന്നിധ്യത്തിൽ നിറയുന്ന പുത്രരതിയാണ് പൂതപ്പാട്ട് എന്ന കാവ്യത്തിന്റെ ആന്തരിക ചൈതന്യം. പഠിക്കാനായി മകൻ പടിപ്പുര കടന്ന് പുറത്തേയ്ക്ക് പോയിരിക്കുന്നു. അത്യധികം ലാളിച്ച് വളർത്തിയ മകനെക്കുറിച്ച് മാതാവിന്റെ മനസ്സിൽ ഉണ്ടാകുന്ന ഭാവാവിഷ്കാരത്തിന്റെ പ്രതീകാത്മക ചിത്രമാണത്. പടിക്ക് പുറത്ത് ഒരു കുന്നിന്റെ നെറുകയിലാണ് ഈ ഭാവങ്ങൾ കൊടിയേറുന്നത്. ഇത് സവിശേഷമായ ഘടനാത്മകസ്വഭാവം അഭിവ്യക്തമാക്കുന്നു. മനസ്സിന്റെ പടിക്കപുറത്താണ് മർദിതമായ വികാരങ്ങൾ അരങ്ങേറുന്നത്. പടിപ്പുര, കുന്നിന്റെ നെറുക ഇവ ഭാവനയുടെ ചില എലുകകളെയാണ് വെളിപ്പെടുത്തുന്നത്.